# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടി ഉത്തരവ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും, ശബരിമലയുടെയും ഔദ്യോഗിക വെബ് സൈറ്റുകൾ പുനൽ നിർമ്മിക്കുന്ന സംഗതി - കോൺട്രാക്ട് അനുമതി നൽകി ഉത്തരവാകുന്നു.

---

നടപടി ഉത്തരവ് നമ്പർ. Roc. 4508/2016/EDP തിരുവനന്തപുരം, തീയതി 15/10/2016

---

പരാമർശം :

1. 20/07/2016 ലെ മേൽ നമ്പർ ബോർഡു തീരുമാനം
2. ദേവസ്വം കമ്മീഷണറുടെ 19/05/2016 ലെ ആർ. ഒ.സി 5452/13/കമ്പ്യൂ നമ്പർ റിപ്പോർട്ട്
3. ദേവസ്വം കമ്മീഷണറുടെ 05/10/2016 ലെ ആർ. ഒ.സി 16765/16/CIT നമ്പർ റിപ്പോർട്ട്

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഒദ്യോഗിക വെബ് സൈറ്റ് റീഡിസൈൻ ചെയ്ത് ഉന്നതനിലവാരത്തിലുള്ള പോർട്ടൽ ആക്കുന്നതിനും, ശബരിമലക്കു മാത്രമായി എല്ലാ സംവിധാനങ്ങളും ഉള്ള ഒരു സമ്പൂർണ്ണ വെബ് സൈറ്റ് നിർമിക്കുന്നതിനും നിർദ്ദേശിച്ച് ബോർഡുത്തരവായി (സൂചന 1).

ദേവസ്വം ബോർഡിനു വേണ്ടി രണ്ടു ഭാഷകളിലും, ശബരിമലക്കായി ആറു ഭാഷകളിലും വെബ് സൈറ്റ് നിർമ്മിക്കുന്നതിന് കേരള സർക്കാർ സ്ഥാപനമായ ഡെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) സമർപ്പിച്ച പ്രൊപ്പോസൽ സഹിതം ദേവസ്വം കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു (സൂചന-2). പ്രസ്തുത പ്രൊപ്പോസൽ പ്രകാരം ദേവസ്വം ബോർഡിന്റെ വെബ് സൈറ്റിന് 1,26,500/- രൂപായും, ശബരിമല വെബ് സൈറ്റിന് 7,02,074/- രൂപയും സി.ഡിറ്റ് ക്വാട്ട് ചെയ്തു.

സി-ഡിറ്റ് പ്രതിനിധികളും, ദേവസ്വം കമ്മീഷണർ, ചീഫ് എഞ്ചിനിയർ (ജനറൽ), കമ്പ്യൂട്ടറൈസേഷൻ പ്രോജക്ട് മാനേജർ എന്നിവർ പ്രസ്തുത സംഗതി സംബന്ധിച്ച് ബോർഡുതലത്തിൽ ചർച്ച നടത്തി.

ചർച്ചയിൽ ശബരിമല സീസൺ അടുത്തു വരുന്ന സാഹചര്യത്തിൽ ശബരിമല ദേവസ്വത്തിന്റെ ഔദ്യോഗിക വെബ് സൈറ്റ് അടിയന്തിരത്തിൽ നിർമ്മിക്കുന്നതിനു തീരുമാനിച്ചു. അതു പ്രകാരം നെഗോസിയേഷൻ നടത്തിയതിൽ 7.02 ലക്ഷം രൂപാ എന്നത് ടാക്സ് അടക്കം 5.55 ലക്ഷം രൂപക്ക് (അഞ്ചു ലക്ഷത്തി അൻപത്തി അയ്യായിരം മാത്രം) വെബ് സൈറ്റ് ചെയ്യിക്കുന്നതിന് ധാരണയാകുകയും അതിൻപ്രകാരം സി. ഡിറ്റിന് വർക്ക് ഓഡർ നൽകണമെന്ന് ദേവസ്വം കമ്മീഷണർ ശുപാർശ ചെയ്തു (പരാമർശം 3).

ദേവസ്വം കമ്മീഷണറുടെ ശുപാർശ പരിഗണിച്ചും സി-ഡിറ്റുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും ശബരിമല ദേവസ്വത്തിനുവേണ്ടി ആറു ഭാഷകളിൽ വെബ് സൈറ്റു നിർമ്മിക്കുന്നതിന് ടാക്സ് അടക്കം 5.55 ലക്ഷം (അഞ്ചു ലക്ഷത്തി അൻപത്തി അയ്യായിരം മാത്രം) രൂപാക്ക് സി-ഡിറ്റിന് കോൺട്രാക്ട് അനുമതി നൽകി ബോർഡുത്തരവാകുന്നു.

സി-ഡിറ്റുമായി ഏർപ്പെടേണ്ട എഗ്രിമെന്റ് നക്കൽ തയ്യാറാക്കി ദേവസ്വം ബോർഡിന്റെ കമ്പ്യൂട്ടർ ആന്റ് ഇൻഫർമേഷന് ടെക്നോളജി വിഭാഗം (CIT) പരിശോധിച്ച് നിയമോപദേശം വാങ്ങുന്നതിനായി ബോർഡിൽ സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

സെക്രട്ടറി

പകർപ്പ്

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനിയർ (ജനറൽ)
3. ചീഫ് എഞ്ചിനിയർ
4. ലോ ഓഫീസർ
5. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
6. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
7. ഡയറക്ടർ, സാസ്കാരിക-പുരാവസ്തു വിഭാഗം
8. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
9. വെബ് സൈറ്റ് (ഇ.ഡി.പി)
10. ഫെയർ കോപ്പി
11. സെക്ഷൻ ഫയൽ